(സി) ഗുരുതരമായി പരിക്ക് പറ്റി ഒരു തൊഴിലും ചെയ്യാൻ കഴിയാതെ വരുന്ന മരം കയറ്റ തൊഴിലാളികൾക്ക് കേരള മരം കയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ആശ്വാസധനമായി 10,000 രൂപ നൽകി വരുന്നു. ഈ തുക തെങ്ങുകയറ്റത്തൊളിലാളികൾക്കും ലഭിക്കുന്നതാണ്.

(ഡി) ആശ്വാസധനം ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ എത്രയും വേഗം പരിശോധിച്ച് അർഹരായവർക്ക് ധനസഹായം ഉറപ്പാക്കാൻ ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒഴിഞ്ഞുകിടക്കുന്ന അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകൾ

88 [542] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ എത്ര അസിസ്റ്റന്റ് ലേബർ ഓഫീസർമാരുടെ തസ്തികകൾ നിലവിലുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

(സി) നിലവിലുള്ള ഒഴിവുകളിൽ വകുപ്പിലെ സീനിയർ യു.ഡി. ക്ലാർക്കുമാരെ താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകുന്ന ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) നടപടി സ്വീകരിച്ചു കഴിഞ്ഞുവെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 101 രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകളും, 13 ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് ലേബറാഫീസർ തസ്തികകളും നിലവിലുണ്ട്.

(ബി) അതിൽ താഴെപ്പറയുന്ന അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്.

1. ഹരിപ്പാട്
2. ആലപ്പുഴ രണ്ടാം സർക്കിൾ
3. ചേർത്തല (നോർത്ത്)
4. മൂന്നാർ
5. ചാവക്കാട്
6. ചിറ്റൂർ
7. നെന്മാറ
8. മലപ്പുറം
9. പൊന്നാനി

LIBRARY ARCHIVES Kerala Legislative Assembly

10. താമരശ്ശേരി
11. മാനന്തവാടി
12. സുൽത്താൻബത്തേരി
13. കണ്ണൂർ രണ്ടാം സർക്കിൾ
14. കണ്ണൂർ മൂന്നാം സർക്കിൾ
15. ഇരിട്ടി
16. കാസറഗോട്

(സി) താൽക്കാലിക ഉദ്യോഗക്കയറ്റം നൽകണമെന്ന ഉത്തരവ് നിലവിലില്ല. സർക്കാരിന്റെ പൊതു നിർദ്ദേശം താൽക്കാലിക ഉദ്യോഗക്കയറ്റം നൽകരുതെന്നാണ്.

(ഡി) ഇപ്പോൾ ഒഴിവുള്ള 16 തസ്തികകളിൽ നിയമപ്രകാരം നേരിട്ട് നിയമനം നടത്തേണ്ട 14 എണ്ണത്തിൽ 8 എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 6 എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും; ബാക്കിയുള്ള രണ്ടെണ്ണം യു. ഡി. ക്ലാർക്കുമാരിൽനിന്നും ഉദ്യോഗക്കയറ്റം വഴി നികത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

തൊഴിൽ വകുപ്പിലെ എൽ. ഡി. ക്ലാർക്കുമാരുടെ പ്രൊമോഷൻ

89 [543] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ 1989 മുതൽ നാളിതുവരെ പ്രൊമോഷൻ, റിട്ടയർമെന്റ്, ഡപ്യൂട്ടേഷൻ എന്നിവമൂലമുണ്ടായ ഒഴിവുകളിൽ എത്ര ലോവർ ഡിവിഷൻ ക്ലാർക്കുമാർക്ക് യു. ഡി. ക്ലാർക്കുമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) തൊഴിൽ വകുപ്പിൽ 15 വർഷക്കാലമായി എൽ. ഡി. ക്ലാർക്കായി ജോലി ചെയ്യുന്നവരെ വേക്കൻസി ഉണ്ടായിട്ടും യു. ഡി. ക്ലാർക്കുമാരായി സ്ഥാനക്കയറ്റം നൽകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം തുടർ നടപടികൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) തൊഴിൽ വകുപ്പിൽ എൽ.ഡി., യു.ഡി. ക്ലാർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) എങ്കിൽ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(എഫ്) ഇല്ലെങ്കിൽ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly